നം. എച്ച് 4- 35708/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 04.01.2017
Email - swdkerala@gmail.com
Phone - 0471-2306040

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

സെക്രട്ടറി
സംസ്ഥാന വിവരാവകാശ കമ്മീഷൻ
തിരുവനന്തപുരം - 695001

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ശ്രീമതി. എലിസബത്ത് തോമസിന്റെ - വിവരാവകാശ - അപേക്ഷ സംബന്ധിച്ച്.

സൂചന :-
1. ഹർജി നം AP No - 1471(1)2014/A.I.C തീർപ്പു കൽപ്പിച്ചു കൊണ്ടുള്ള മുഖ്യ വിവരാവകാശ കമ്മീഷണർ, സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം ന്റെ നടപടിക്രമം
2. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 26.12.2016 ലെ 8312/SIC-Gen 4/2004 എന്ന കത്ത്.
3. ഈ കാര്യാലയത്തിലെ 08.04.2014 തീയതിയിലെ H4/11504/14 എന്ന അപേക്ഷകയ്ക്കുള്ള കത്ത്.
4. ഈ കാര്യാലയത്തിലെ 31.12.2016 തീയതിയിലെ മേൽ നമ്പർ കത്ത്.

ശ്രീമതി. എലിസബത്ത് തോമസിന്റെ വിവരാവകാശ നിയമപ്രകാരമുള്ള ഹർജിയിലെ തീർപ്പ് അനുസരിച്ച് മേൽ സൂചന (1) പ്രകാരം തീർപ്പുകൽപ്പിക്കുകയുണ്ടായി. ടി നടപടിക്രമങ്ങളിലെ പരാമർശങ്ങൾ പ്രകാരം ശ്രീമതി.എലിസബത്ത് തോമസ്സിന് ഈ കാര്യാലയത്തിൽ നിന്നും നൽകുവാനുണ്ടായിരുന്ന ക്രമ നം 7 ലെ ചോദ്യത്തിനുള്ള മറുപടി കത്തും ഹാജർപുസ്തകത്തിന്റെ ആവശ്യമായ പകർപ്പും ഹർജ്ജിക്കാരന് മേൽ സൂചന (4) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി. എലിസബത്ത് തോമസ്സ്

Dh/-

അംഗപരിമിതനായ തന്റെ സഹോദരൻ ശ്രീ. ആന്റണി കെ എ യ്ക്ക് വികലാംഗ പുനർനിയമനം ലഭ്യമാകാതെ വന്നിരുന്ന സാഹചര്യത്തിലാണ് ടിയാൻ വിവരാവകാശ നിയമ പ്രകാരം വിശദാംശങ്ങൾ ലഭ്യമാക്കുവാൻ അപേക്ഷിച്ചിരുന്നത്. ശ്രീമതി. ആന്റണി കെ എ സമർപ്പിച്ച സേവന വേതന വിശദാംശങ്ങൾ പ്രകാരം ടിയാന് വികലാംഗ പുനർനിയമനം നൽകുന്നതിന് ഈ കാര്യാലയത്തിൽ നിന്നും നടപടി സ്വീകരിച്ചിട്ടുള്ളതു ന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (പി) 45/14/SJD തീയതി 28.05.2014 പ്രകാരം എറണാകുളം കോർപ്പറേഷൻ കാര്യാലയത്തിൽ LD ക്ലാർക്ക് തസ്തികയിൽ ശ്രീ. ആന്റണി കെ.എ യ്ക്ക് സർക്കാർ നിയമനം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. വിവരാവകാശ നിയമപ്രകാരം ശ്രീമതി. എലിസബത്ത് തോമസ് സമർപ്പിച്ച 10.03.2014 തീയതിയിലെ അപേക്ഷയിലെ ചോദ്യം 4, 13 എന്നിവയ്ക്ക് ഈ കാര്യാലയത്തിലെ 08.04.2014 ലെ സൂചന 3 ലെ കത്ത് പ്രകാരം മറുപടി നൽകിയിരുന്നു. ആയതിന്റെ പകർപ്പ് സമർപ്പിക്കുന്നു.

ഈ സാഹചര്യത്തിൽ അപേക്ഷകയുടെ സഹോദരൻ ശ്രീ. ആന്റണി കെ എ യ്ക്ക് വികലാംഗ പുനർനിയമനം ലഭ്യമായിട്ടുള്ള സാഹചര്യത്തിലും സൂചന (1) ലെ നിർദ്ദേശാനുസരണം അപേക്ഷകയ്ക്ക് ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുള്ളതിനാലും തുടർ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കുവാൻ ഉത്തരവാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. സൂചന (4) ലെ കത്തിന്റെ പകർപ്പ് ഇതോടപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

Dh/-